എസ്.ഡി. കോൺവെന്റ്

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (Mt. 25:40). ഈ തിരു വചനത്തിൽ നിന്നും ചൈതന്യം സ്വീകരിച്ച് ദൈവദാസൻ വർഗ്ഗീസ് പയ്യപ്പിള്ളിയച്ചൻ രൂപം കൊടുത്ത സന്ന്യാസ സമൂഹമാണ് അഗതികളുടെ സഹോദരിമാർ.

'അഗതീ ശുശ്രൂഷ നിരന്തര ദൈവാനുഭവമാകണം' എന്ന സ്ഥാപക പിതാവായ ദൈവദാ സൻ വർഗ്ഗീസ് പയ്യപ്പിള്ളിയച്ചനിൽനിന്നും ഉൾക്കൊണ്ട ദിവ്യപ്രചോദനം അന്വർത്ഥമാക്കുന്ന എസ്.ഡി.യുടെ ഒരു ശുശ്രൂഷാരംഗമായിരുന്നു ഗവൺമെന്റ് ആശുപത്രിയിലെ ആതുരശുശ്രൂഷ. ഈ വഴിത്താരയിലെ മൂന്നാമത്തെ കാൽവയ്പ്പാണ് വൈക്കം ഗവ: ആശുപത്രിയിലേക്കുള്ള എസ്.ഡി.യുടെ പ്രവേശനം. 1950 മാർച്ച് 19 ന് എസ്.ഡി.യുടെ ഒരു ഭവനം ആശുപത്രിയോട് ചേർന്ന് സിസ്റ്റേഴ്സിന് അനുവദിച്ചുകിട്ടിയ ആശുപത്രി സ്റ്റാഫ് ക്വാർട്ടേഴ്സിൽ ആരംഭിച്ചു. ആദ്യ കാലത്ത് ഉണ്ടായിരുന്ന സഹോദരിമാർ സി. സിയന്ന, സി. കർമ്മലീറ്റ, സി. ഫ്ളവറീന, സി. ജെമ്മ, സി.എവുജിൻ, സി. അലക്സ് എന്നിവരായിരുന്നു. 25 വർഷത്തോളം ഉണ്ടായിരുന്ന 'സിയന്നാമ്മ' ജാതിമത ഭേദമന്യേ എല്ലാവരുടേയും മനസുകളിൽ ഇന്നും ഓർമ്മിക്കപ്പെടുന്ന സാന്നിധ്യമാണ്.

വൈക്കം നാട്ടിലെ അനേകം അഗതികളായ മക്കളുടെ ആശാ കേന്ദ്രമായിരുന്ന ഗവ: ആശുപത്രിയിൽ, അഗതികൾ അവഗണിക്കപ്പെടുന്ന സാഹചര്യത്തിൽ, സിസ്റ്റേഴ്സ് അവരെ കരുണയോടെ ശുശ്രൂഷിച്ച് ആവശ്യമായ മരുന്ന് സൗജന്യമായി നൽകുവാൻ വേണ്ട നടപടികൾ ചെയ്തു. അതോടൊപ്പം ഇടവകയിലെ ഭവന സന്ദർശനം, ഭക്തസംഘടനകളുടെ നേതൃത്വം, മതബോധന പ്രവർത്തനങ്ങൾ, സേവ് എ ഫാമിലി സഹായ പദ്ധതി, ആത്മീയ പ്രവർത്തനങ്ങൾ എന്നിവ എസ്.ഡി. സഹോദരിമാർ ഏറ്റെടുത്ത് സ്നേഹപൂർവ്വം നിർവ്വഹിച്ചു. പള്ളിയിൽ ആരംഭിച്ച ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളിൽ ആദ്യ കാലത്ത് സിസ്റ്റേഴ്സ് പഠിപ്പിച്ചിരുന്നു. പാവപ്പെട്ട പെൺകുട്ടികൾക്ക് തയ്യൽ പരിശീലനവും ആദ്യകാലങ്ങളിൽ നൽകിയിരുന്നു.

ഇപ്പോൾ ആയിരിക്കുന്ന സ്ഥലത്ത് മഠം പണിയുകയും 1980 നവം. 22 ന് വെഞ്ചരിപ്പ് നടത്തുകയും ചെയ്തു. ഇടവക പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരാൻ ഈ പുതിയ ഭവനം സഹായകമായി. ആശുപത്രിയിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സിന്റെ എണ്ണം കുറഞ്ഞപ്പോൾ 2003 മുതൽ ചെമ്പ് സെന്റ് തോമസ് സ്കൂളിൽ പഠിപ്പിക്കുന്ന സിസ്റ്റേഴ്സിൽ ഒരാൾ നടേൽ മഠത്തിൽ താമസിച്ചുകൊണ്ട് പഠിപ്പിക്കുവാൻ പോയിരുന്നു. പിന്നീട് സിസ്റ്റേഴ്സിന്റെ വിരളത മൂലം മഠം നിർത്താം എന്ന തീരുമാനത്തിലേക്ക് വന്നുവെങ്കിലും ദൈവത്തിന്റെ അനന്തപരിപാലനയാൽ വീണ്ടും സജീവമായി പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കി. ഇപ്പോൾ ഗവ: ആശുപത്രിയിൽ ഓണററി നഴ്സായി ഒരാൾ സേവനം ചെയ്യുന്നു. ഭവന സന്ദർശനം നടത്തി നാനാജാതിമതസ്ഥരായ അഗതിമക്കളെ കണ്ടെത്തി സഹായം ചെയ്യുവാനും കുടുംബപ്രശ്നങ്ങൾ ഉള്ള ഭവനങ്ങളെ കണ്ടെത്തി പ്രാർത്ഥനയിലൂടെയും കൗൺസിലിംഗ് വഴിയും പരിഹാരം കണ്ടെത്തുവാനും സഹായിക്കുന്നു. ഇടവകാംഗങ്ങളുടെ ആത്മികവും മാനസികവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി എസ്.ഡി. സഹോദരിമാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നടേൽ ഇടവകയിൽനിന്നും ധാരാളം ദൈവവിളികൾ ഉണ്ടായിട്ടുണ്ട്. 6 പേരെ ഈ ഇടവകയിൽനിന്നും ലഭിച്ചിട്ടുണ്ട്. അഗതീരൂപനായ ക്രിസ്തുവിനെ ശുശ്രൂഷിക്കുന്ന സഹോദരിമാരിലൂടെ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം കൂടുതൽ പ്രകാശിപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ അനന്ത പരിപാലനയ്ക്ക് നന്ദിപറയുന്നു.